സ്വകാര്യ ബസ്സുകളുടെ മത്സരഓട്ടം നിയന്ത്രിക്കാൻ നടപടി

99 [2871] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ ബസ്സുകളുടെ മത്സരഓട്ടം കാരണം വാഹന അപകടങ്ങളുടെ എണ്ണം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈവേ പട്രോളിംഗും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും ഫ്ളൈയിംഗ് സ്ക്വാഡുകളും അതാത് ഓഫീസുകളിലെ ഫീൽഡ് ഓഫീസർമാരും കൂടി കർശന പരിശോധന നടത്തുന്നുണ്ട്. കർശന നടപടി കുറ്റക്കാർക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ബസ്സ്-തീവണ്ടി യാത്രാ നിരക്കുകളുടെ താരതമ്യപഠനം

100 [2872] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ബസ്സ് നിരക്കുകൾ എപ്രകാര മാണ് എന്ന് വിശദമാക്കുമോ;

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകളിലെ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസ്സ് എന്നിവയുടെ ചാർജ്ജ് വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തീവണ്ടി യാത്രാനിരക്കുകളുമായി തട്ടിച്ചു നോക്കുമ്പോൾ ബസ്സ് ചാർജ്ജ് അധികമായതിന്റെ പേരിൽ ദീർഘദൂരയാത്രക്കാർ കെ. എസ്. ആർ. ടി. സി.-യെ ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശി ക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) (1) സിറ്റി/ഓർഡിനറി സർവ്വീസുകൾ കിലോമീറ്ററിന് 42 പൈസ.

(2) സിറ്റി ഫാസ്റ്റ്/ഫാസ്റ്റ്/ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് സർവ്വീസുകൾക്ക് കിലോമീറ്ററിന് 43 പൈസ.

(3) സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് കിലോമീറ്ററിന് 46 പൈസ.

(4) സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകൾക്ക് കിലോമീറ്ററിന് 54 പൈസ.

(5) സൂപ്പർ ഡീലക്സ് സർവ്വീസുകൾക്ക് കിലോമീറ്ററിന് 63 പൈസ.

(6) ഹൈടെക് ലക്ഷ്വറി സർവ്വീസുകൾക്ക് കിലോമീറ്ററിന് 75 പൈസ.

(ബി) വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഡ്രൈവർ-കണ്ടക്ടർ അനുപാതം

101 [2873] ശ്രീ. പി. കെ. കെ. ബാവ :
,, യു. സി. രാമൻ :
,, പി. കെ. അബ്ദുറബ്ബ് :
,, കെ. എൻ. എ. ഖാദർ :
,, സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.-യിൽ ബസ്സ് സർവ്വീസ് നടത്തുന്നതിന് ബസ്സൊന്നിന് ആവശ്യമായ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും അനുപാതം നിശ്ചയിച്ചിരിക്കുന്നത് എപ്രകാരമാണ്;

(ബി) സർവ്വീസ് റദ്ദാക്കൽ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ സ്റ്റാഫ് എപ്പോഴും ഉണ്ടായിരിക്കണമെന്ന കാര്യം മുൻനിറുത്തിയാണോ ജീവനക്കാർക്ക് ലീവ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ ഡ്രൈവർമാരുടെയും, കണ്ടക്ടർമാരുടെയും കുറവ് നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ഉത്തരം

(എ) ബസ്സൊന്നിന് 2.75 എന്ന അനുപാതത്തിലാണ് ഡ്രൈവർമാരേയും കണ്ടക്ടർമാരേയും നിശ്ചയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly